മൂവാറ്റുപുഴ ആർ.ഡി.ഒ. ബന്ധപ്പെട്ടവരുമായി വീണ്ടും ഒരു ചർച്ച നടത്തുന്നതാണ്.

## (26) അപ്പോളോ ടയേഴ്സിന്റെ പേരാമ്പ്ര യൂണിറ്റിലെ ലോക്കൗട്ട്

ശ്രീ. കെ.പി. വിശ്വനാഥൻ : സർ, അപ്പോളോ ടയേഴ്സിന്റെ പേരാമ്പ്ര യൂണിറ്റ് 11.7.1999 മുതൽ മാനേജുമെന്റ് അന്യായമായി ലോക്കൗട്ട് ചെയ്തിരിക്കുകയാണ്. 1997 നവംബർ 16-ന് ദീർഘകാല കരാറിന്റെ കാലാവധി അവസാനിച്ചുകഴിഞ്ഞു. തുടർന്ന് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയായിരുന്നു. ജൂലായ് 11,12 തീയതികളിൽ ചർച്ച പൂർത്തീകരിക്കാമെന്ന് മാനേജുമെന്റ് സമ്മതിച്ചിരിക്കുന്നതിനിടയിലാണ് 11-ാം തീയതി യാതൊരു മുന്നറിയിപ്പുംകൂടാതെ മാനേജുമെന്റ് കമ്പനി ലോക്കൗട്ട് ചെയ്തത്. 1600-ൽ അധികം തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനം അന്യായമായി ലോക്കൗട്ട് ചെയ്ത് പിൻവലിക്കാത്തതുകാരണം തൊഴിലാളികളും അവരുടെ കുടുംബങ്ങളും വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതുകൊണ്ട് എത്രയുംവേഗം ലോക്കൗട്ട് പിൻവലിക്കുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, അപ്പോളോ ടയേഴ്സ് 11.7.1999-ലാണ് ലോക്കൗട്ട് ചെയ്തത്. തൊഴിലാളികൾ അച്ചടക്കലംഘനം നടത്തിയതാണ് ലോക്കൗട്ട് ചെയ്യാനുള്ള കാരണമായി പറയുന്നത്. പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന അപ്പോളോ ടയേഴ്സിന്റെ ദീർഘകാല കരാർ 1997 നവംബർ 17-ാം തീയതി അവസാനിച്ചതിനെത്തുടർന്ന് ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനിടയിലാണ് അച്ചടക്കലംഘന ആരോപണം വന്നത്. 19.7.1999-ൽ ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ചർച്ചയ്ക്ക് വിളിച്ചു. പ്രസ്തുത ചർച്ചാവേളയിൽ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതിനെത്തുടർന്ന് ചർച്ച അടുത്ത ദിവസവും തുടരുകയും കരാറുകാരുടെ ദീർഘകാലമായിട്ടുള്ള തർക്കങ്ങൾ സംബന്ധിച്ച് ഒരു ധാരണയിലെത്തുകയും ചെയ്തു. ഇനി അവശേഷിക്കുന്ന പ്രശ്നം 1998-99-ലെ ബോണസ് തർക്കം മാത്രമാണ്. ഈ സാഹചര്യത്തിൽ 26.7.1999-ന് എറണാകുളത്തുവച്ച് അടിയന്തിരമായി ചർച്ചനടത്തുന്നുണ്ട്. പ്രസ്തുത ചർച്ചയിൽ തർക്കം പരിഹരിക്കപ്പെടുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

## (27) ഒ.ഇ.സി.എഫ്.ന്റെ സഹായത്തോടെയുള്ള ശുദ്ധജല വിതരണപദ്ധതികൾ

ശ്രീ. എം. ദാസൻ : സർ, ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പിലാക്കുന്ന തിരുവനന്തപുരം, മീനാട്, ചേർത്തല, പട്ടുവം, കോഴിക്കോട് എന്നീ അഞ്ച് ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവർത്തനങ്ങൾ വളരെ വേഗതയിൽ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ പദ്ധതികൾ 2003-ൽ കമ്മീഷൻ ചെയ്യണമെന്നായിരുന്നു തീരുമാനിച്ചിരുന്നത്. 1787.45 കോടി രൂപയുടെ ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോഴിക്കോട് നഗരത്തിലും പരിസര പ്രദേശത്തുമുള്ള 15 പഞ്ചായത്തുകളിലുമായി 430.59 കോടി രൂപ ചെലവഴിച്ച് ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നേരത്തേ അവിടെ



LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചതാണ്. അടുത്തകാലത്ത് അവിടെ ചില തടസ്സങ്ങൾ നേരിട്ടിരുന്നു. എത്രയും വേഗം ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, ജപ്പാൻ ഗവൺമെന്റിന്റെ ധനസഹായ ഏജൻസിയായ ഒ.ഇ.സി.എഫ്-ന്റെ സാമ്പത്തികസഹായത്തോടെ സംസ്ഥാനത്ത് കേരള വാട്ടർ സപ്ലൈ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതിപ്രകാരം അഞ്ച് ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. (1) തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം. (2) കൊല്ലം ജില്ലയിലെ മീനാടും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി. (3) ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി. (4) കണ്ണൂർ ജില്ലയിലെ പട്ടുവവും സമീപ ഗ്രാമങ്ങൾക്കുംവേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി. (5) കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം. പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റ് ഒ.ഇ.സി.എഫുമായി 25.2.1997-ൽ കരാർ ഉണ്ടാക്കി. ആ കരാർ അനുസരിച്ച് പദ്ധതികളുടെ ഡിസൈനും ടെൻഡറുകളും കൺസൾട്ടന്റ് മുഖേനയാണ് തയ്യാറാക്കേണ്ടത്. കൺസൾട്ടന്റിന്റെ നിയമനത്തിനായി ജല അതോറിറ്റി തയ്യാറാക്കി ഒ.ഇ.സി.എഫ്-ന് സമർപ്പിച്ച ഒറിജിനൽ ഷെഡ്യൂൾ പ്രകാരം കൺസൾട്ടന്റിന്റെ നിയമനം 1997 ഒക്ടോബറിൽ പൂർത്തിയാക്കേണ്ടതായിരുന്നു. പദ്ധതി 2003-ൽ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ കൺസൾട്ടന്റിന്റെ നിയമനം പൂർത്തിയായില്ല. ജല അതോറിറ്റി തയ്യാറാക്കിയ കൺസൾട്ടന്റ്സിന്റെ ലിസ്റ്റിൽ അപാകത ഉണ്ടെന്ന് ആരോപിക്കുന്ന പരാതി സർക്കാരിന് ലഭിച്ചതിനെത്തുടർന്ന് അന്വേഷണം വേണ്ടിവന്നു. അന്വേഷണത്തിൽ രണ്ട് ജപ്പാൻ കമ്പനികളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് അംഗീകൃത മാനദണ്ഡങ്ങളുടേയും നടപടികളുടേയും ലംഘനമാണെന്ന് കണ്ടെത്തി. ആ കമ്പനികളെ ലിസ്റ്റിൽനിന്നും ഒഴിവാക്കാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ സർക്കാരിന്റെ ഈ തീരുമാനം ഒ.ഇ.സി.എഫ്. അംഗീകരിക്കുകയുണ്ടായില്ല. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥന്മാരും ഒ.ഇ.സി.എഫ്. പ്രതിനിധികളുമായി പലവട്ടം ചർച്ചകൾ നടത്തി. നിയമസഭയ്ക്ക് അകത്തും പുറത്തും ഈ പദ്ധതികളെക്കുറിച്ച് ഉയർന്ന പരാതികളുടെ അടിസ്ഥാനത്തിൽ പുതിയ ആഗോള ടെൻഡറുകൾ വിളിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു. എന്നാൽ ഈ തീരുമാനവും ഒ.ഇ.സി.എഫ്-ന് സ്വീകാര്യമായില്ല. ഒ.ഇ.സി.എഫ്. പ്രതിനിധികളുമായി സംസ്ഥാന ചീഫ് സെക്രട്ടറി അവസാനമായി ചർച്ചകൾ നടത്തിയപ്പോൾ ഒ.ഇ.സി.എഫ്-ന്റെ നിലപാടിൽ യാതൊരു മാറ്റവും ഇല്ലെന്ന് വ്യക്തമായി. ഏകദേശം 40 ലക്ഷം ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്ന ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ മറ്റ് പോംവഴികൾ ഇല്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഒ.ഇ.സി.എഫ്. അംഗീകരിച്ച ഷോർട്ട് ലിസ്റ്റിൽനിന്നുതന്നെ ഈ പദ്ധതിയുടെ കൺസൾട്ടന്റിനെ തെരഞ്ഞെടുക്കാൻ ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതു പ്രകാരം അനന്തര നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്. കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly